**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4106** **17-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജൻറ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തത് മൂലം പ്രസ്തുത വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം, തസ്തികമാറ്റം എന്നിവ നടപ്പാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; മറ്റ് വകുപ്പുകളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് നൽകുന്ന പത്ത് ശതമാനം സംവരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ഉണ്ട്. മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം/ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരെ പഞ്ചായത്തിലെ മാത്രം പാർട്ട് ടൈം/ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. മറ്റു വകുപ്പുകളിലെ പാർട്ട് ടൈം/ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ലഭിച്ചിരുന്ന പല ആനുകൂല്യങ്ങൾ ടി ജീവനക്കാർക്ക് ലഭിച്ചിരുന്നില്ല. (അന്തർജില്ല/ അന്തർ വകുപ്പ് സ്ഥലംമാറ്റം, ക്ലർക്ക്/ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള 10% സംവരണം)<br>മുൻ പഞ്ചായത്ത് വകുപ്പിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ ജില്ലാതല സീനിയോറിറ്റിയിൽ നിന്നാണ് ഫുൾടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചു വരുന്നത്. എന്നാൽ നഗരാസൂത്രണം, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളിൽ ജില്ലാ കളക്ടർ തയ്യാറാക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നുമാണ് ഫുൾ ടൈം തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.<br>ഇത്തരത്തിൽ രണ്ട് സീനിയോറിറ്റി നിലവിലുള്ളതിനാൽ, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ Subordinate Service Special Rule പ്രകാരം പാർട്ട് ടൈം/ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള 10% സംവരണം അനുവദിക്കുന്നകാര്യം വിശദമായി പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജൻറ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ